പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1478

30.01.2018-ൽ മറുപടിക്ക്

**മത്സ്യബന്ധന ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന ബോട്ടുകൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകുന്നുണ്ടോ; | (എ) | നടപ്പ് സാമ്പത്തിക വർഷം പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യന്ത്രവൽകൃത ബോട്ടുകൾ ,പരമ്പരാഗത ബോട്ടുകൾ, വള്ളങ്ങൾ, എന്നിവ യഥാക്രമം എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 27.01.2018 വരെയുള്ള വിവരമനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്ത യാനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.<br>1. പരമ്പരാഗത ബോട്ടുകൾ - 30057<br>2. യന്ത്രവൽകൃത ബോട്ടുകൾ - 5433<br>3. വള്ളങ്ങൾ/കട്ടമരം - 2611 |
| (സി) | നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ എത്ര അംഗങ്ങളുണ്ട് ; പുതിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന്, വ്യവസ്ഥകൾ ലളിതവും സുതാര്യവുമാക്കുന്ന കാര്യം പരിഗണിക്കുമോ ;വിശദാംശം നൽകുമോ? | (സി) | മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം ആക്ട് പ്രകാരം പ്രസിദ്ധീകരിക്കുന്ന മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 237800 മത്സ്യത്തൊഴിലാളികളും 78979 അനുബന്ധത്തൊഴിലാളികളും പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ